
# ജി.എൽ.പി.എസ്
# പൂവറ്റൂർ ഈസ്റ്റ്

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025- 26





| | |
|---|---|
| ഉപജില്ല | :കുളക്കട |
| വിദ്യാഭ്യാസ ജില്ല | : കൊട്ടാരക്കര |
| ജില്ല | : കൊല്ലം |

# സ്കൂൾ ചരിത്രം

| | |
|---|---|
| സ്കൂളിന്റെ പേര് | ഗവ എൽ പി എസ് പൂവറ്റൂർ ഈസ്റ്റ് |
| സ്കൂളിന്റെ കോഡ് | 39426 |
| ഇ-മെയിൽ ഐഡി | glpspoovattooreast@gmail.com |
| സ്ഥാപിത വർഷം | 1920 |
| യു.ഡൈസ് കോഡ് | 32130800209 |
| ആസ്തി- കെട്ടിടം നിൽക്കുന്ന സ്ഥലം | 12 സെന്റ് (484.85sqm) |
| സർവ്വേ നമ്പർ | 74/2 |
| കിണർ | 1 സെന്റ് |
| കെട്ടിടത്തിന്റെ അളവ് | 100' x 20' x 10, 13' x 13' |
| പഞ്ചായത്ത് | കുളക്കട |
| വാർഡ് | കലയപുരം |
| താലൂക്ക് | കൊട്ടാരക്കര |
| ജില്ല | കൊല്ലം |
| ബ്ലോക്ക് | വെട്ടിക്കവല |
| ബി. ആർ. സി | കുളക്കട |
| നിയമസഭാ മണ്ഡലം | കൊട്ടാരക്കര |
| ലോകസഭാ മണ്ഡലം | മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | കൊട്ടാരക്കര |
| വിദ്യാഭ്യാസ ഉപജില്ല | കുളക്കട |
| പ്രധാന അധ്യാപിക | സന്ധ്യ എൻ. ആർ |
| ഫോൺ നമ്പർ | 9400488161 |
| പോസ്റ്റ് ഓഫീസ് | കലയപുരം |
| പിൻ കോഡ് | 691560 |

# ആമുഖം

കുളക്കട സബ്ജില്ലയിൽ കലയപുരം ഗ്രാമത്തിൽ പള്ളിക്കടവിൽ നിന്നും ഏകദേശം ഒന്നര കിലോമീറ്റർ ഉള്ളിലായി സ്ഥിതി ചെയ്യുന്ന കൊച്ചു വിദ്യാലയമാണ് ഗവ. എൽ. പി. എസ് പൂവറ്റൂർ കിഴക്ക്. ആദ്യകാലത്ത് കുടിപ്പള്ളിക്കൂടമായിരുന്നു. 1920 ൽ സർക്കാർ ഏറ്റെടുത്തു. ഈ സ്കൂളിന്റെ സമീപത്ത് രണ്ട് അൺഎയ്ഡഡ് സ്കൂളുകളും ഒരു എയ്ഡഡ് സ്കൂളും പ്രവർത്തിക്കുന്നു.

കുട്ടികളുടെ ശേഷികളും സാഹചര്യങ്ങളും തിരിച്ചറിഞ്ഞ് ഓരോ കുട്ടിയെയും കണക്കിലെടുത്ത് വേണ്ടത്ര ശ്രദ്ധ നൽകി കുട്ടികളുടെ പഠന നിലവാരം ഉയർത്തിക്കൊണ്ടു വരാൻ ഇവിടെയുണ്ടായിരുന്ന ഓരോ അധ്യാപകരും ശ്രമിച്ചിട്ടുണ്ട്. ശിശു സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ മികച്ച പഠന അന്തരീക്ഷമാണ് ഇവിടെ ലഭിക്കുന്നത്.

കലയപുരം ഗ്രാമത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക ഔന്നിത്യത്തിന് ചുക്കാൻ പിടിക്കുന്ന മഹത് വ്യക്തികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകിയ, നൂറ്റാണ്ട് പിന്നിട്ട ഈ വിദ്യാലയം ഇന്നും മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ ശ്രദ്ധ കൊടുക്കുന്നു.

2025-26 വർഷത്തെ സ്കൂൾ പ്രവർത്തന പദ്ധതി ഉൾപ്പെടുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# കാഴ്ചപ്പാട്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വളരെ കുറച്ച് കുട്ടികൾ മാത്രം പഠനത്തിന് ആശ്രയിക്കുന്ന സ്കൂളാണ് ഗവ. എൽ. പി. എസ് പൂവറ്റൂർ ഈസ്റ്റ്. ഉൾപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഈ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളെ സമീപത്ത് താമസിക്കുന്ന താരതമ്യേന സമ്പന്നമായ ജനത ശരിയായി വിലയിരുത്തി കുട്ടികളെ സ്കൂളിലേക്ക് വിടാൻ തയ്യാറാവുന്നില്ല.

ഈ സാഹചര്യത്തിൽ സ്കൂളും സമൂഹവും തമ്മിൽ ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

* മലയാളഭാഷയിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
* കുട്ടികളിൽ ആശ്രയത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
* പാരിസ്ഥിതിക അവബോധം വളർത്തുക.
* ശാസ്ത്രചിന്ത വളർത്തുക
* ശുചിത്വം, ദിനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

എല്ലാവരുടെയും പങ്കാളിത്തത്തോടെ ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻ കഴിയും എന്ന വിശ്വാസത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

# മികവുകൾ

കുട്ടികളുടെ എണ്ണം കുറവാണെങ്കിലും മികവുകൾ കണ്ടെത്താനാവുന്ന വിദ്യാലയമാണ് ഗവ. എൽ. പി. എസ് പുവാറ്റൂർ ഈസ്റ്റ്. 2020-21ലെ എൽ എസ് എസ് സ്കോളർഷിപ്പ് വിജയി അമൃത എം. അനിൽ ഈ വിദ്യാലയത്തിൽ പഠിച്ചതാണെന്ന് അഭിമാനത്തോടെ ഓർക്കുന്നു. 2023-24, 2024-25 വർഷങ്ങളിൽ ശാസ്ത്രമേള, കലോൽസവം തുടങ്ങിയവയിൽ നമ്മുടെ സ്കൂളിൽ നിന്ന് പങ്കെടുത്ത കുട്ടികൾക്ക് വളരെയേറെ മുൻപന്തിയിൽ വരുവാൻ സാധിച്ചിട്ടുണ്ട്. വൈവിധ്യമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനാൽ മികവ് തെളിയിച്ച അനേകം കുട്ടികൾ ഈ വിദ്യാലയത്തിന്റെ സംഭാവനയായിട്ടുണ്ട്. ആരോഗ്യ പരിപാലനത്തിനും കുട്ടികളെ നന്നായി ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ പോഷക സമൃദ്ധമായ പ്രഭാതഭക്ഷണം നൽകുന്നു. ഗവൺമെന്റിന്റെ നേതൃത്വത്തിൽ വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും നൽകി വരുന്നു.

വിദ്യാഭ്യാസ വകുപ്പും എസ് എസ് എയും ചേർന്നു നടത്തുന്ന എല്ലാ പരിശീലന പരിപാടികളിലും എല്ലാ അധ്യാപകരും പങ്കെടുക്കുന്നു. നൂതന പഠന തന്ത്രങ്ങൾ ക്ലാസ്റൂമിൽ പ്രാവർത്തികമാക്കാൻ അധ്യാപകർ ശ്രമിക്കുന്നു.

# പരിമിതികൾ

സ്കൂളിലെ ഏറ്റവും പ്രധാന പരിമിതി കുട്ടികളുടെ കുറവാണ്. ഓരോ വർഷവും അഡ്മിഷൻ എടുക്കുന്ന പുതിയ കുട്ടികളുടെ എണ്ണം കുറവായാണ് നമുക്ക് കാണാൻ കഴിയുന്നത്. ഉൾപ്രദേശത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട് സ്കൂളിലേക്ക് കുട്ടികളെ അയക്കാൻ രക്ഷിതാക്കൾ മടിക്കുന്ന ഒരു സാഹചര്യമാണ് ഉള്ളത്. കുട്ടികൾക്ക് സ്വതന്ത്രമായി കളിക്കുവാൻ ഉതകുന്ന ഒരു നല്ല കളിസ്ഥലത്തിന്റെ അഭാവവും ഈ സ്കൂളിന്റെ ഒരു പരിമിതിയായി കണക്കാക്കാം. സമീപത്ത് താമസിക്കുന്ന സാമ്പത്തികമായി ഉയർന്ന ജനവിഭാഗം സ്കൂൾ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ തയ്യാറാവുന്നില്ല.

ഗവ. എൽ. പി. എസ്
പൂവറ്റൂർ ഈസ്റ്റ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - I

# ആമുഖം

ഗവൺമെന്റ് എൽ. പി. എസ് പൂവറ്റൂർ ഈസ്റ്റ് സ്കൂളിൽ 2025-26 അധ്യായന വർഷം 2 കുട്ടികൾ ഒന്നാം ക്ലാസ് A ഡിവിഷനിൽ പഠിക്കുന്നു. ഒന്നാം ക്ലാസിലേക്ക് എത്തിച്ചേർന്ന എല്ലാ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

# വിഷയം : മലയാളം

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടിയും ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
* ഓരോ കുട്ടിയും വായിച്ചു മനസിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടുവാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കുവാനുള്ള കഴിവ് നേടുക
* ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കുവാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയും സർഗ്ഗാത്മക രചന നടത്തുവാനുള്ള കഴിവ് നേടുക
* ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ, തിരഞ്ഞെടുത്ത ഡയറികൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക.
* ഓരോ കുട്ടിയെയും കൊണ്ടു വായനാകാർഡുകൾ, പതിപ്പുകൾ, പത്രം തുടങ്ങിയവ രൂപപ്പെടുത്തുക

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ. |
| --- | --- |
| അക്ഷര ഉറപ്പിക്കൽ | • വായനാകാർഡുകൾ നോക്കി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ കണ്ടെത്തൽ<br>• അക്ഷരക്കളി<br>• അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കുന്ന പ്രവർത്തനങ്ങൾ<br>• ചിത്രങ്ങൾ നിരീക്ഷിച്ച് ആശയം കണ്ടെത്തുക.<br>• കഥ പറയൽ<br>• സംഭവങ്ങൾ ക്രമീകരിക്കൽ<br>• പാഠഭാഗരചനാപ്രവർത്തനങ്ങൾ പൂർത്തിയാക്കൽ<br>• ചേർത്തു പാടൽ<br>• കുട്ടിക്കവിതകൾ അവതരിപ്പിക്കൽ<br>• പ്രകൃതിയിലെ ശബ്ദങ്ങൾ തിരിച്ചറിയൽ<br>• പാവനാടകം<br>• I.C.T യിൽ കഥ കേൾക്കൽ<br>• ആൽബം നിർമ്മാണം<br>• ദിനാചരണങ്ങൾ<br>• നിറം നൽകൽ |

- ക്ലാസ് ലൈബ്രറി ഒരുക്കൽ
- വായനാമൂല ഒരുക്കൽ
- ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തൽ
- വായനോത്സവം സംഘടിപ്പിക്കൽ
- പത്രവായനക്ക് അവസരം നൽകൽ
- ചിത്ര കഥകൾ വായന
- കൂട്ടവായന
- വീട്ടുവായന
- പതിപ്പു നിർമ്മാണം
- സംയുക്ത ഡയറി എഴുത്ത്
- വരികൾ കൂട്ടിചേർക്കുന്നു.

# വിഷയം : ഇംഗ്ലീഷ്

Objectives

* To make the children (a) speak, read and write the language
(b) respond to simple instructions given by the teacher
(c) describe orally about pictures and objects
(d) enjoy simple songs and sing them with proper rhythm and actions.
(e) familiarise the names of birds, animals and their young ones.

| Aim | Activities. |
| --- | --- |
| Reading and Writing skills | • Introducing simple words<br>• Providing picture cards<br>• Introducing familiar words<br>• Reading familiar words<br>• Writing familiar words<br>• Enjoying simple rhymes and poems.<br>• Writing and reading simple ~~sentences~~ words and sentences.<br>• Providing reading cards<br>• Introducing simple pictures<br>• Introducing rhyming words.<br>• Making word web.<br>• Riddles<br>• Engaging in conversations.<br>• Picture descriptions. |

# വിഷയം : ഗണിതം

ലക്ഷ്യങ്ങൾ.

* സംഖ്യാബോധം ഉണ്ടാക്കുന്നു.
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനത്തിന് പ്രാപ്തരാക്കുന്നു.
* രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനത്തിന് പ്രാപ്തരാക്കുന്നു.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കുവാൻ പ്രാപ്തരാക്കുന്നു.
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് പ്രാപ്തരാക്കുക.

| ലക്ഷ്യം | പ്രവർത്തനം. |
|---|---|
| സംഖ്യാബോധം | • ഒരു നിശ്ചിത സംഖ്യയിൽ നിന്നു ക്രമമായി എണ്ണൽ, എഴുതൽ<br>• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ തിരിക്കിച്ച് എണ്ണിപ്പറയൽ, എഴുതൽ, കളികളിൽ ഏർപ്പെടൽ<br>• ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ പസിലുകൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.<br>• ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ.<br>• വലിയ സംഖ്യ, ചെറിയ സംഖ്യ എന്നിവ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ. |
| സങ്കലന ക്രിയകൾ<br>വ്യവകലന ക്രിയകൾ | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>• രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന-ക്രിയകൾ നടത്തൽ<br>• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന ബോധം ഉണ്ടാക്കൽ<br>• രണ്ടക്ക സംഖ്യകൾ തമ്മിൽ വ്യവകലനം ചെയ്യുന്നു.<br>• സങ്കലനം, വ്യവകലനം (+, -) എന്നീ ചിഹ്നങ്ങൾ തിരിച്ചറിയുന്നു. |

| | |
|---|---|
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക. | • വിവിധ ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെട്ട ചിത്രങ്ങൾ നിരീക്ഷിക്കുന്നു. സമാനമായവ തിരഞ്ഞെടുക്കുന്നു.<br>• സവിശേഷതകൾ തിരിച്ചറിഞ്ഞ് ജ്യാമിതീയ രൂപങ്ങൾക്ക് നിറം നൽകുന്നു.<br>• സ്കെയിൽ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു. |
| രണ്ടക്ക സംഖ്യകളുടെ പ്രായോഗിക പ്രശ്നങ്ങൾ മനസിലാക്കുന്നത് | • കമ്പുകെട്ടുകൾ, കളിനോട്ടുകൾ, സംഖ്യാകാർഡുകൾ എന്നിവ ഉപയോഗിച്ച് സംഖ്യകളുടെ തുക കണ്ടെത്തുന്നു.<br>• വസ്തുക്കളുടെ നീളം അളക്കൽ, പരിചിത സ്ഥലങ്ങൾ തമ്മിലുള്ള ദൂരം താരതമ്യം ചെയ്യൽ<br>• സംഖ്യാ പാറ്റേണുകളിലെ പരസ്പരബന്ധം കണ്ടെത്തുന്നു. |

# വിഷയം : പരിസരപഠനം

ലക്ഷ്യങ്ങൾ

* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
* പ്രകൃതി നിരീക്ഷണം നടത്തി പട്ടികപ്പെടുത്തുന്നതിന് കഴിവുള്ള വരാക്കുക.
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക.
* ലഘു നിരീക്ഷണ പ്രോജക്ടുകൾ ചെയ്യുന്നതിൽ പ്രാപ്തരാക്കുക.

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| നിരീക്ഷണം | • പ്രകൃതി നടത്തം<br>• ചുറ്റുമുള്ളവ നിരീക്ഷിക്കുന്നു<br>• നിരീക്ഷിച്ചും അനുഭവത്തിന്റെ അടിസ്ഥാനത്തിലും ആശയങ്ങൾ അവതരിപ്പിക്കുന്നു. |
| വർഗ്ഗീകരണം | • വസ്തുക്കളുടെ സാമ്യ വ്യത്യാസങ്ങൾ മനസിലാക്കി വർഗ്ഗീകരിക്കുന്നു.<br>• ചുറ്റുപാടുമുള്ളവയെ ആഹാരയോഗ്യമായത്, ഭംഗിയുള്ളത് എന്നിങ്ങനെ വർഗ്ഗീകരിക്കുന്നു.<br>• മണമുള്ള പൂക്കൾ, മണമില്ലാത്തവ എന്നിവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. |
| കണ്ടെത്തൽ നിർമ്മാണം | • പൂക്കളുടെ പ്രത്യേകതകൾ കണ്ടെത്തി ശേഖരിക്കുന്നു.<br>• എന്റെ പൂക്കൾ - ആൽബം നിർമ്മാണം<br>• അടുക്കളത്തോട്ട നിർമ്മാണം. |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## ക്ലാസ് : 2

# മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ - മലയാളം

- ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിന്
- ആശയഗ്രഹണവായന ഉറപ്പാക്കുന്നതിന്
- തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നതിന്
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നതിന്.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു

വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നതിന്.

ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ
- വായനാസാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കൽ.

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
- കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ
- സംഭാഷണങ്ങൾ വായിച്ച് സ്വന്തമായി അവതരിപ്പിക്കൽ.

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും ഉള്ള അവസരമൊരുക്കൽ
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ.

മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതി മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും നേടിയെടുക്കുന്നതിന്.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു.

- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

ജൂൺ

- 1, 2, 3, 4 ....
  1, 3, 5, 7 ....
  10, 20, 30, 40 ....
  5, 10, 15, 20 ....
  തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

- ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

ആഗസ്റ്റ്.

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ 99നോട് 1 കൂട്ടിയാൽ 100 10 പത്തുകൾ ചേർന്നാൽ 100 ആകും.

  100 ഒന്നുകൾ ചേർന്നതാണ് 100.

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്റ്റംബർ.

- ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വിലവിവരപട്ടിക തയ്യാറാക്കൽ.
- ക്ലാസിലൊരു കട സ്കൂളിലൊരു കട.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക

പ്രശ്നങ്ങൾ പരിഹരിക്കൽ.

- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.

നവംബർ

- സ്ഥാനവില തിരിച്ചറിയൽ.
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ ഉപയോഗിച്ച് വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
- "ക്യാഷിനൊരു" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ
  10 രൂപ + 5 രൂപ = 15 രൂപ

ഡിസംബർ.

- സംഖ്യാബോധം തിരിച്ചറിവിൽ ... സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിന്.
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം

നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

<u>ഫെബ്രുവരി</u>.

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിനിരിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

<u>മാർച്ച്</u>.

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ്. |
| • പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | വൃക്ഷോദ്യാനം ഔഷധ തോട്ടം | ഡിസംബർ ജനവരി |
| • ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം | ജൂൺ, ജൂലൈ |
| • പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാണാക്കാഴ്ചകൾ | സപ്തംബർ ഡിസംബർ |
| • നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് | ജനവരി |
| • ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്ന, കുറിപ്പ് തയ്യാറാക്കുന്ന | ജൂൺ ജൂലൈ ആഗസ്റ്റ്. |

Academic
master plan.
English

Aim

To speak, read and write English without any mistakes.
Time - June, July, August.

June
Pre test
To develop listening skills and reading skills first.
Listening skills.
Games, Action Songs.
Hello English activities,
Conversations, skit, stories
Use ICT.
Speaking skills.
Descriptions, Growing sentences, picture reading, picture description, self introduction, Assembly activities - speech, book review, quiz, riddles etc

July & August
Reading skills
Newspaper reading
Library books reading
Book review, reading breaking news, find words, collect and read past tense, rhyming words, describing words etc
Textbook activities.

Writing skills

Make word web
Picture description
word chain, Sentence chain
making words and sentences.
making riddles and conversations
Add more lines
Developing stories
Description
notice, proclamation, Diary, letter, Announcements, magazines.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ക്ലാസ് : 4

# ആമുഖം

2025-26 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും നല്ല നിലവാരത്തിൽ എത്തിക്കുവാൻ അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാറ്റാനും പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതി ലക്ഷ്യമിടുന്നു.

# ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ്. |
|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ. |
| <u>വായിക്കാം വളരാം</u> | | |
| • വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>പുസ്തകപരിചയം<br>വായനാക്കുറിപ്പ്.<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ. |
| <u>എഴുതാം തെളിയാം</u> | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) |

| | | |
|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ.<br>ലേഖന ശേഷി വർദ്ധിപ്പിക്കൽ.<br>സാഹിത്യകാരൻമാരെ അടുത്തറിയൽ. | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം. |
| കണ്ടറിയാം<br>കേട്ടറിയാം.<br>അറിവ് ICTയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം. |
| രുചിച്ചറിയാം.<br>നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം.<br>ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് |
| ഓർക്കാം അഭിമാനിക്കാം.<br>സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ<br>ICT പ്രദർശനം.<br>പുസ്തക പരിചയം<br>ക്വിസ്. | ആവശ്യാനുസരണം |

| | | |
|---|---|---|
| കലക്കൂട്ട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ- നേരി-ട്ടറിയൽ | പ്രദേശവാസികളായ കലാകാ-രന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്.<br>കലാവതരണം<br>കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തി-ലൊന്ന്. |
| സർഗ്ഗോത്സവം<br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ-ത്തോടുകൂടി അവതരിപ്പി-ക്കൽ. | കുട്ടികളുടെ സർഗ്ഗശേഷി-കളുടെ പ്രദർശനം | വർഷത്തി-ലൊരിക്കൽ. |

# English

| Objectives | Activities | Duration |
|---|---|---|
| • Giving opportunities to listen the language several times. | Cartoons<br>Films | Once in a month. |
| • Giving opportunities to speak the language with confidence. | Lets talk...<br>English assembly<br>One day English | Once in three months<br>Once in a month<br>Once in a week. |
| • Giving opportunities to read the language fluently | Class library<br>Reading news competitions<br>Conducting camps.<br>Reading of journals | June - March<br>once in a month<br>once in 3 months<br>June - March |
| • Giving opportunities to read, | Conducting class assembly atleast 2 times a week. | The whole year. |

| | | |
|---|---|---|
| speak and write the language | | |
| **English diary**<br>To write the language without any mistakes | Writing diaries everyday | Three days in a week |
| **English theatre**<br>To use language to develop the talents. | Skit, Conversation Drama, story telling | Once in a month. |
| **English Magazine**<br>Development of talents. | Preparing the magazine by including the products of children. | once in three months |
| **English Compositions**<br>To develop the writing skills. | Writing letters about the special activities conducted in the school during special days. | Once in a month. |

| | | |
|---|---|---|
| English Corner<br>To develop reading skills | ~~To~~ . Reading corner<br>. Reading competitions<br>. Books review | Once in two weeks. |
| English Fest.<br>To make the children handle the language confidently. | . Reading competitions<br>. Writing competitions<br>. Exhibition of different skills | Vacation. |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • നിരീക്ഷണം<br>അറിവ് നിർമ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട<br>• ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| • ശാസ്ത്രമേള<br>ശാസ്ത്രപഠനം രസകരവും ലളിതവും രസകരവും ആക്കൽ | • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ |
| • ശാസ്ത്രയാത്ര<br>ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ.<br>അന്വേഷണത്വര വളർത്തൽ | • വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം. |
| • ഭൂപടമൊരുക്കാം<br>കേരളം - ഇന്ത്യ - ഭൂപടവായന - സൂചിക - പരിചയപ്പെടൽ | • ഭൂപടവായന<br>• ഭൂപട രചന<br>• സൂചിക നിർമ്മാണം | വർഷത്തിലൊന്ന്. |

| | | |
|---|---|---|
| • ശാസ്ത്ര വിഷയ ചുമർ<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം |
| • ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ |
| • ശാസ്ത്രമാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| • കളിക്കാം ഗണിക്കാം<br>ഗണിതപഠനം രസകരമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ. നടപ്പിലാക്കൽ | വർഷം മുഴുവൻ |
| • ഒറിഗാമിയിലൂടെ പഠിക്കാം.<br>ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ. |
| • ഗണിതലാബ്<br>ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| • ഗണിതച്ചുമർ<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| • ഗണിത പഠനോപകരണ ശില്പശാല<br>പഠനോപകരണത്തിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം | ആവശ്യാനുസരണം |

| | | |
|---|---|---|
| • ഗണിതമേള<br>ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് |